

# കവിതകൾ

ഷറഫുദ്ദീൻ നദ്‌വി

## അയൽക്കാരൻ

അതിരുകൾ അയാൾക്ക്
അയൽക്കാരെ സൃഷ്ടിച്ചു
അതിരില്ലാതായപ്പോൾ
അയൽക്കാരൻ അയാളായി..

## പുസ്തകം

എൻ്റെ പാഠപുസ്തകം വളരുകയാണ്
ദിവസവും പുത്തൻ താളുകൾ ചേർന്നു
ഇനിയും പൂർണമാവാത്ത പുസ്തകം
ഒടുവിലെ താൾ ചേർക്കപ്പെടുമ്പോൾ
ബൈൻ്റു ചെയ്യാൻ ഞാനുണ്ടാവില്ല.

## ഭൂമി

ഭൂമിയിൽ അൽപമിടം നേടി
മനുഷ്യൻ ഭൂവുടമയായി
ഭൂവുടമകളെ ഉള്ളിലേറ്റി
ഭൂമി സമ്പന്നമായി.

## മുഖം

മൂടിയണിഞ്ഞത് മുഖത്ത്
മറഞ്ഞത് മനസ്സ്
മനസ്സ് തുറന്നപ്പോൾ
തെളിഞ്ഞത് മുഖം.

## ഭ്രാന്ത്

അയാൾ വാചാലനായി
കേട്ടവരെല്ലാം പറഞ്ഞു, ഭ്രാന്തൻ
അർഥമില്ലാത്ത ജൽപനം.
അയാൾ ആത്മഗതം ചെയ്തു
ഇത്രയേറെ ഭ്രാന്തന്മാരോ?

■